(6.) ക്ഷേണസാധനങ്ങളുടെ വിലവർദ്ധനവ്

ശ്രീ. പി. പി. തങ്കച്ചൻ: സർ, നമ്മുടെ സംസ്ഥാനത്ത് ഇന്നു നിലവിലുള്ള ഹോട്ടലുകളിലും ലോഡ്ജുകളിലും റസ്റ്റോറന്റുകളിലുമൊക്കെ ഭക്ഷണപദാർത്ഥങ്ങൾക്കും മുറികൾക്കും ഒക്കെ യാതൊരു തത്വദീക്ഷയുമില്ലാതെ യാതൊരു അടിസ്ഥാനവുമില്ലാതെ വിലയും വാടകയും ഈടാക്കിക്കൊണ്ടിരിക്കുന്ന ഒരു ദയനീയ അവസ്ഥയുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം ഇന്ന് ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കാൻ നമ്മുടെ സംസ്ഥാനത്ത് നിയമമുണ്ട്. പക്ഷേ ആ നിയമം നടപ്പിലാക്കുവാൻ ആരും മുന്നോട്ട് വരുന്നില്ല എന്നുള്ളതാണ് വളരെ ദയനീയമായ സ്ഥിതി. തൊട്ടടുത്തുള്ള ഹോട്ടലുകളിൽപോലും ആഹാരത്തിന് തോന്നിയ വിലയാണ് ഓരോ ദിവസവും ഓരോ വിലയാണ്. മുറികൾക്കാണെങ്കിൽ തോന്നിയ വാടകയാണ്. ഇതിനൊന്നും ഒരു നിയന്ത്രണവുമില്ലാത്തതുകൊണ്ട് ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും ഇവർ കൊടുക്കുന്ന കണക്കുകളിൽ ഒരു മുറിക്ക് രണ്ടു രൂപയും മൂന്നു രൂപയും ഒക്കെയാണ് ഈടാക്കുന്നതെന്നാണ്. അതിന്റെ അടിസ്ഥാനത്തിലാണ് അവരിൽനിന്നും നികുതി ഈടാക്കുന്നത്. പക്ഷേ 40-ഉം 50-ഉം രൂപയാണ് ഈടാക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകൈ എടുത്ത് ഈ ഹോട്ടലുടമകളെയൊക്കെ വിളിച്ചുവരുത്തി, അവർ സൗകര്യമുള്ള ആൾക്കാരിൽനിന്നും എത്ര വേണമെങ്കിലും ഈടാക്കിക്കൊള്ളട്ടെ., പക്ഷേ സാധാരണക്കാർക്ക് ഭക്ഷണ പദാർത്ഥങ്ങൾക്ക് ഒരു മിനിമം വിലയും മുറികൾക്ക് ഒരു മിനിമം ചാർജും ഈടാക്കത്തക്ക രീതിയിലുള്ള ഒരു സംവിധാനമുണ്ടാക്കണം. അതിനുവേണ്ടി അടിയന്തിരമായി ശ്രമിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇപ്പോഴത്തെ നിയമമനുസരിച്ച് വില നിശ്ചയിച്ച് നടപ്പിലാക്കാനാവശ്യമായ വ്യവസ്ഥയില്ല. വിലവിവരപ്പട്ടിക പ്രസിദ്ധപ്പെടുത്തണമെന്നുള്ള വ്യവസ്ഥ മാത്രമേയുള്ളു. ഇത് ഗൗരവതരമായ ഒരു പ്രശ്നമാണ്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വളരെയധികം പരാതിയുള്ള കാര്യമാണ്. ഒരുസ്ട്രൈക്ക് കഴിഞ്ഞ് ജീവനക്കാർക്ക് ശമ്പളംകൂടിയാൽ, അല്ലെങ്കിൽ മറ്റേതെങ്കിലും ആനുകൂല്യം കൊടുത്തുകഴിഞ്ഞാൽ സെറ്റിൽമെന്റ് ആയി എന്നുള്ള വിവരം ഉടനെ ഹോട്ടലിലാണ് അറിയുന്നത്എന്നുള്ള പരാതി വരെയുണ്ട്. ശമ്പള പരിഷ്കരണം വന്നാലും സ്ഥിതി ഇതുതന്നെയാണ്. ഏതായാലും ഈ കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷന് ചെയ്യാൻ സാധിക്കുന്നത് കൺട്രോൾഡ് കമ്മോഡിറ്റീസ് കൊടുക്കുക എന്നുള്ളതാണ്. പഞ്ചസാര തുടങ്ങിയ സാധനങ്ങൾ കൊടുക്കുന്ന ഹോട്ടലുകാരെ സംബന്ധിച്ചിടത്തോളം സ്വാധീനം ചെലുത്തി അവരെക്കൊണ്ട് വില നിശ്ചയിപ്പിക്കാനുള്ള ശ്രമമാണ് നടത്തേണ്ടത്. ഇതിനകം തന്നെ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റ് കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവരെ വിളിച്ച് സംസാരിച്ചതിനു ശേഷം ഒരു പരിഹാരം കാണാൻ സാധിക്കുമെങ്കിൽ അതിന് ശ്രമിക്കാം. നിയമപരമായി എന്തു നടപടിയാണ് സ്വീകരിക്കേണ്ടതെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഇതിന്റെ പ്രത്യാഘാതം വളരെ ഗൗരവതരമായിട്ടുള്ളതാണ്.

LIBRARY ARCHIVES Kerala Legislative Assembly